**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4189** **03-03-2023 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ ഉപയോഗം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ വ്യാപകമായ തോതിൽ കഞ്ചാവ് ഉൾപ്പെടെയുള്ള മയക്ക് മരുന്നുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായ വാർത്തകളുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വിദ്യാലയങ്ങളിൽ ഉൾപ്പെടെ ഇതു വ്യാപിക്കുന്നത് തടയാനും മയക്കുമരുന്ന് പരിശോധന ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ലഹരി മരുന്നിന്റെ ഉപയോഗവും, കുട്ടികളുടെ ഇടയിൽ മയക്കു മരുന്നിന്റെ വിതരണവും നടക്കുന്നത് തടയുന്നതിനായി സ്കൂൾ കോളേജ് പരിസരങ്ങളിൽ അദ്ധ്യാപകരുടെയും, പി.ടി.എ. യുടെയും മറ്റും സഹകരണത്തോടെ എക്സൈസ് വകുപ്പ് നിരന്തരം നിരീക്ഷണം നടത്തുകയും, വിവരങ്ങൾ ശേഖരിച്ച് പരിശോധനകളും റെയ്ഡുകളും നടത്തുകയും ചെയ്യുന്നുണ്ട്. ലഹരിക്കെതിരെ വിദ്യാർത്ഥികളെ ബോധവത്കരിക്കുന്നതിനായി സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വിമുക്തി മിഷന്റെ നേതൃത്വത്തിൽ വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. സ്കൂൾ കോളേജ് പരിസരങ്ങളിൽ മയക്കുമരുന്ന് ഉപയോഗിച്ചതായി സംശയിക്കുന്നവരെ അബോൺ കിറ്റ് ഉപയോഗിച്ചു പരിശോധിച്ച് ലഹരി ഉപയോഗിച്ചതായി കണ്ടെത്തുകയാണെങ്കിൽ അവരെ നേർവഴിക്ക് നയിക്കുന്നതിനാവശ്യമായ കൗൺസിലിംഗ് നൽകുന്നതിനും, ആവശ്യമാകുന്നപക്ഷം ഡീ-അഡിക്ഷൻ സെന്ററുകളിൽ ചികിത്സിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.<br><br>മയക്കുമരുന്നിന്റെ അനധികൃത നിർമ്മാണം, വിപണനം, ദുരുപയോഗം എന്നിവ തടയുന്നതിനായി എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ്, എക്സൈസ് സൈബർ സെൽ, എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ, ഹൈവേ പട്രോൾ ടീം, |

| | | | |
|---|---|---|---|
| | | | ഹോസ്ദുർഗ് കാസർഗോഡ് സർക്കിൾ പരിധിയിൽ രണ്ട് സ്ട്രൈക്കിംഗ് ഫോഴ്സുകൾ എന്നിവയുടെ നേതൃത്വത്തിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. |
| (സി) | കർണ്ണാടക അതിർത്തിയിൽ നിന്നും വ്യാപകമായ തോതിൽ മദ്യം കടത്തുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (സി) | അതിർത്തി റോഡുകളിൽ പ്രത്യേക വാഹന പരിശോധനകളും, ചെക്ക്പോസ്റ്റുകളിൽ നിരന്തര നിരീക്ഷണവും പരിശോധനയും നടത്തുന്നു. ആർ.പി.എഫ്., കേരള റെയിൽവേ പോലീസ് എന്നിവയുടെ സഹകരണത്തോടെ ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും പരിശോധനയും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ